**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 186** **05-12-2022 - ൽ മറുപടിയ്ക്ക്**

**പുലയനാർകോട്ട നെഞ്ചുരോഗ ആശുപത്രി ഗവേഷണ കേന്ദ്രമായി ഉയർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പുലയനാർകോട്ട നെഞ്ചുരോഗ ആശുപത്രി ഗവേഷണ കേന്ദ്രമായി ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | പുലയനാർകോട്ട നെഞ്ചുരോഗാ ശുപത്രിയെ ഒരു മികവിന്റെ കേന്ദ്രമാ ക്കുക എന്ന ലക്ഷ്യത്തോടുകൂടി, ആദ്യ ഘട്ടമായി നിലവിലുള്ള സ്ഥാപ നത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിലേയ്ക്ക്, 19.43 കോടി രൂപ വകയിരുത്തിയുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണം നബാർഡ് പ്രോജക്റ്റിലുൾപ്പെടു ത്തുന്നതിനായി നൽകിയിട്ടുണ്ട്. ഇതിനു പുറമെ പുലയനാർകോട്ട ആശുപത്രിയെ COPD Centre of excellence ആക്കി മാറ്റുന്നതിന് ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി എൻ.എച്ച്.എം. ഫണ്ടിൽ നിന്നും 9 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഗവേഷണ കേന്ദ്രമായി IID യെ ഉയർത്തുക എന്നതാണ് സർക്കാർ ലക്ഷ്യം. |
| (ബി) | പുലയാനാർകോട്ട ഡയബറ്റിക് സെന്റർ ആധുനീകവൽക്കരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിൽ മെച്ചപ്പെട്ട ചികിത്സ പ്രധാനം ചെയ്യുന്നതിന് ആഴ്ചയിൽ അഞ്ച് ദിവസം എൻഡോക്രൈ നോളജി ഡോക്ടർമാരുടെ സേവനം ആഴ്ചയിൽ രണ്ട് ദിവസം വീതം കാർഡിയോളജി, നേഫ്രോളജി, ആഴ്ചയിൽ ഒരു ദിവസം ഗ്യാസ്ട്രോ എന്ററോളജി, ന്യൂറോളജി, ദന്തൽ എന്നിവയും ആഴ്ചയിൽ 6 ദിവസം ഡയബറ്റിക് റെറ്റിനോപ്പതിയുമായി ബന്ധപെട്ട കണ്ണ് പരിശോധനക്കും സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പ്രമേഹ രോഗികൾക്ക് ഉണ്ടാകുന്ന പാദ സംബന്ധമായ മുറിവുകൾ ഉൾപ്പെടെ ഉള്ള അസുഖത്തിന് ഈ സ്ഥാപനത്തിലെ പാദ സംരക്ഷണ വിഭാഗം (പൊഡിയാട്രി) വളരെ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നു. NABH അക്രഡിറ്റേഷനോടുകൂടി ആധുനിക സൗകര്യങ്ങളുള്ള ലാബ്, വിപുലമായ ഫാർമസി, ഡിജിറ്റൽ X-Ray യൂണിറ്റ്, കളർ ഡോപ്ലറോട് കൂടിയുള്ള അൾട്രാ സൗണ്ട് സ്കാൻ, എക്കോ ടെസ്റ്റ് സൗകര്യം, ബോൺ ഡെൻസിറ്റി നിർണ്ണയിക്കുന്ന ഡെക്സാ സ്കാൻ |

| | | | |
|---|---|---|---|
| | | | സൗകര്യം എന്നിവ ഇവിടെ ലഭ്യമാണ്. ജീവിത ശൈലീ രോഗങ്ങൾ തടയുന്നതിനുള്ള വ്യായാമ മുറകൾ പരിശീലിക്കാനുള്ള മൾട്ടി ജിം ഈ സ്ഥാപനത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്. രണ്ട് ജനറൽ വാർഡ് (Male & Female) ഉൾപ്പെടെ 42 കിടക്കകൾ എയർകണ്ടീഷൻ സൗകര്യത്തോടെയുള്ള ഐ.പി കെട്ടിടം സജ്ജമാക്കിയിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ദേശ ലക്ഷ്യങ്ങളിലുള്ള പഠന ഗവേഷണ പദ്ധതികളും ഇവിടെ നടന്ന് വരുന്നു. അഞ്ച് കിടക്കകൾ ഉള്ള ഹീമോ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്ന തിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാന തലത്തിൽ പ്രമേഹത്തിന്റെ തോതും വ്യാപ്തിയും ദൂഷ്യ ഫലങ്ങളും സങ്കീർണ്ണതകളും വിലയിരുത്തി പ്രതിവിധികൾ നിശ്ചയിച്ച് ആരോഗ്യമുള്ള സമൂഹത്തെ സൃഷ്ടിച്ചെടുക്കുന്നതിനുള്ള ബൃഹത് പദ്ധതി പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ